"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - മെഡിക്കൽ വിദ്യാഭ്യാസം - മലപ്പുറം ജില്ലയിലെ അങ്ങാടിപ്പുറത്ത് പ്രവർത്തിക്കുന്ന കോളേജ് ഓഫ് നഴ്സിംഗ് മൗലാനാ ഹോസ്പിറ്റലിൽ ജി.എൻ.എം. കോഴ്സ് ആരംഭിക്കുന്നതിന് നിരാക്ഷേപ പത്രം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബ ക്ഷേമ (സി) വകുപ്പ്**

സ.ഉ.(കൈ) നം.150/2026/H&FWD തീയതി,തിരുവനന്തപുരം, 24-06-2026

---

പരാമർശം:-
1. സ.ഉ .(അ) നം. 64/2012/ആ.കു.വ. തീയതി 17.02.2012.
2. മൗലാനാ ചാരിറ്റബിൾ ട്രസ്റ്റ് മാനേജിംഗ് ട്രസ്റ്റി സമർപ്പിച്ച 19.11.2025 -ലെ അപേക്ഷ.
3. കേരള നഴ്സസ് & മിഡ്വൈവ്സ് കൗൺസിൽ രജിസ്ട്രാറുടെ 29.04.2026-ലെ ജി2. 20156/26/എൻ.സി കത്തിൽ ഉള്ളടക്കം ചെയ്ത പരിശോധനാ റിപ്പോർട്ട്.
4. മൗലാനാ ചാരിറ്റബിൾ ട്രസ്റ്റ് മാനേജിംഗ് ട്രസ്റ്റി സമർപ്പിച്ച 14.05.2026 -ലെ സത്യവാങ്ങ്മൂലം .

**ഉത്തരവ്**

മലപ്പുറം ജില്ലയിൽ അങ്ങാടിപ്പുറത്ത് പ്രവർത്തിക്കുന്ന മൗലാനാ ചാരിറ്റബിൾ ട്രസ്റ്റിന് കീഴിൽ മൗലാനാ ആശുപത്രി മാതൃ ആശുപത്രിയായി നിശ്ചയിച്ച് കോളേജ് ഒഫ് നഴ്സിംഗ് മൗലാനാ ഹോസ്പിറ്റലിൽ ജനറൽ നഴ്സിംഗ് & മിഡ്വൈഫറി കോഴ്സ് ആരംഭിക്കുന്നതിന് നിരാക്ഷേപ പത്രം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് മൗലാനാ ചാരിറ്റബിൾ ട്രസ്റ്റ് മാനേജിംഗ് ട്രസ്റ്റി പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത സ്ഥാപനത്തിൽ പരിശോധന നടത്തി കേരള നഴ്സസ് & മിഡ്വൈവ്സ് കൗൺസിൽ രജിസ്ട്രാർ സമർപ്പിച്ച പരാമർശം (3) പരിശോധനാ റിപ്പോർട്ടിൽ നിരാക്ഷേപ പത്രം അനുവദിക്കുന്നതിനാവശ്യമായ ഇൻഡ്യൻ നേഴ്സിംഗ് കൗൺസിൽ മാനദണ്ഡ പ്രകാരമുള്ള ഭൗതിക ക്ലിനിക്കൽ സൗകര്യങ്ങൾ ലഭ്യമാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സ്വകാര്യ സ്വാശ്രയ നേഴ്സിംഗ് സ്കൂളുകളിലെ 'അഡ്മിഷൻ മാനദണ്ഡങ്ങൾ', 'ഫീസ് ഘടന' എന്നിവ സംബന്ധിച്ച് സർക്കാർ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊള്ളാം എന്ന സത്യവാങ്ങ്മൂലം അപേക്ഷകൻ സമർപ്പിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള നേഴ്സസ് &

മിഡ്‌വൈവ്സ് കൗൺസിലിന്റെ ശിപാർശയുടെയും പരിശോധനാ റിപ്പോർട്ടിലെ വസ്തുതകളുടെയും അടിസ്ഥാനത്തിൽ മലപ്പുറം ജില്ലയിൽ അങ്ങാടിപ്പുറത്ത് പ്രവർത്തിക്കുന്ന മൗലാനാ ചാരിറ്റബിൾ ട്രസ്റ്റിന് കീഴിൽ മൗലാനാ ആശുപത്രി മാതൃ ആശുപത്രിയായി നിശ്ചയിച്ചുകൊണ്ട്, കോളേജ് ഔഫ് നഴ്സിംഗ് മൗലാനാ ഹോസ്പിറ്റലിൽ വിദ്യാർത്ഥി പ്രവേശന ശേഷി 40 ആയി നിജപ്പെടുത്തി, 2026-27 അധ്യയന വർഷം പ്രാബല്യത്തിൽ ജനറൽ നഴ്സിംഗ് & മിഡ്‌വൈഫറി കോഴ്സ് ആരംഭിക്കുന്നതിന് നിരാക്ഷേപ സാക്ഷ്യപത്രം ചുവടെപ്പറയുന്ന നിബന്ധനകളോടെ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

I. സ്വകാര്യ സ്വാശ്രയ നേഴ്സിംഗ് സ്കൂളുകളിലെ 'അഡ്മിഷൻ മാനദണ്ഡങ്ങൾ', 'ഫീസ് ഘടന' എന്നിവ സംബന്ധിച്ച് സർക്കാർ/കേരള നഴ്സസ് & മിഡ്വൈവ്സ് കൗൺസിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ സ്ഥാപനം കൃത്യമായും പാലിക്കേണ്ടതാണ്.
II. ജി.എൻ.എം സീറ്റുകൾ സർക്കാർ മെറിറ്റ്/മാനേജ്മെൻ്റ് എന്നിങ്ങനെ തത്തുല്യമായ വിഭജനത്തിന് വിധേയമായിരിക്കും. സർക്കാർ മെറിറ്റ് സീറ്റുകളിലേക്കുള്ള അഡ്മിഷൻ പൂർണ്ണമായും സർക്കാർ നിയന്ത്രണത്തിൽ നടത്തപ്പെടും.
III. ജി.എൻ.എം നഴ്സിംഗ് സ്കൂളിന് ഉണ്ടായിരിക്കേണ്ട നിലവാരം സംബന്ധിച്ച് കാലാകാലങ്ങളിൽ ഇൻഡ്യൻ നഴ്സിംഗ് കൗൺസിൽ പുറപ്പെടുവിക്കുന്ന റഗുലേഷനുകൾ നിർബന്ധമായും പാലിക്കാൻ സ്ഥാപനം ബാധ്യസ്ഥമാണ്.
IV. പരാമർശം (1) സർക്കാർ ഉത്തരവിലെ നിബന്ധനകൾ, നഴ്സിംഗ് സ്കൂളുകളുടെ അംഗീകാരം സംബന്ധിച്ച് കാലാകാലങ്ങളിൽ കേരള സർക്കാർ/സംസ്ഥാന നഴ്സിംഗ് കൗൺസിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ/ഉത്തരവുകൾ/റഗുലേഷനുകൾ എന്നിവ സ്ഥാപനം കൃത്യമായും പാലിക്കേണ്ടതാണ്.
V. പരാമർശം (1) സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരം കേരള സംസ്ഥാന നഴ്സിംഗ് കൗൺസിൽ അംഗീകാരം, ഇന്ത്യൻ നഴ്സിംഗ് കൗൺസിൽ അനുയോജ്യതാ പത്രം (Indian Nursing Council Suitability Certificate), Letter of Permission എന്നിവ ക്രമത്തിൽ നേടിയതിനുശേഷം മാത്രമെ കോഴ്സ് ആരംഭിക്കാൻ സാധിക്കുകയുള്ളൂ.
VI. 28.04.2025-ലെ സ.ഉ (കൈ) നം. 126/2025/ആ.കു.വ പ്രകാരം നിഷ്കർഷിച്ചിരിക്കുന്ന സത്യവാങ്മൂലം Letter of Permission-നുള്ള അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ചിത്ര കെ ദിവാകരൻ
ജോയിന്റ് സെക്രട്ടറി

രജിസ്ട്രാർ, കേരള നഴ്സസ് & മിഡ്‌വൈവ്സ് കൗൺസിൽ, തിരുവനന്തപുരം.
മാനേജിംഗ് ട്രസ്റ്റി, മൗലാനാ ചാരിറ്റബിൾ ട്രസ്റ്റ്, അങ്ങാടിപ്പുറം, മലപ്പുറം.

സെക്രട്ടറി, ഇന്ത്യൻ നഴ്സിംഗ് കൗൺസിൽ, 8-ാം നില, എൻ.ബി.സി.സി സെന്റർ, പ്ലോട്ട് നം.2, കമ്മ്യൂണിറ്റി സെന്റർ, ഓഖല ഫേസ്-1, ന്യൂഡൽഹി- 110020.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം.
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
സ്റ്റോക്ക് ഫയൽ / കാര്യാലയ പകർപ്പ് (C3/369/2025-HEALTH)

പകർപ്പ് - ബഹു. ആരോഗ്യവും ദേവസ്വവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ഉത്തരവിൻ പ്രകാരം,

Signed by
Rekha Johnson
Date: 24-06-2026 15:05:51

സെക്ഷൻ ഓഫീസർ